# 2024 ജൂലായ് 31 ന് വൈകീട്ട് 7.30 ചേർന്ന കെ.ജി.എച്ച്.പി.ഒ സംസ്ഥാന സമിതി യോഗനടപടികുറിപ്പുകളും തീരുമാനങ്ങളും

31.07.2024ന് വൈകീട്ട് 3 മണിക്ക് സംസ്ഥാന പ്രസിഡന്റ് ശ്രീ.ടി.കെ അനിൽകുമാറിൻറെ അധ്യക്ഷതയിൽ ഓൺലൈനിൽ ചേർന്ന സംസ്ഥാന സമിതി യോഗത്തിൽ ഭാരവാഹികൾ ഉൾപ്പെടെ 53 പേർ പങ്കെടുത്തു.

വയനാട് ജില്ലയിലെ പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞവർക്ക് അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് യോഗനടപടികൾ ആരംഭിച്ചു. വൈസ് പ്രസിഡന്റ് ശ്രീ.അനീഷ് കുമാർ ഇ.സി സ്വാഗതം പറഞ്ഞു. അധ്യക്ഷൻ സംസ്ഥാന പ്രസിഡന്റ് അജണ്ടയിലെ വിഷയങ്ങൾ സംബന്ധിച്ച് ആമുഖഭാഷണം നടത്തി. തുടർന്ന് ജനറൽ സെക്രട്ടറി ശ്രീ.സജീഷ് കെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും സംസ്ഥാന ട്രഷറർ ശ്രീ.സി.ഡി ശ്രീകുമാർ വരവ് ചെലവ് കണക്ക് അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന സംഘടനാ ചർച്ചയിൽ വിവിധ ജില്ലാ സെക്രട്ടറിമാർ ജില്ലകളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. പൊതുസ്ഥലംമാറ്റത്തിൻറെ ഭാഗമായി DRB വിഭാഗം ഫാർമസിസ്റ്റുമാർക്ക് അന്തർജില്ലാ സ്ഥലംമാറ്റം നിഷേധിക്കുന്ന വകുപ്പിന്റെ സർക്കുലറിന്മേൽ ആയുഷ് സെക്രട്ടറിയേറ്റിൽ വകുപ്പിൽ പരാതി നൽകിയ വിവരവും ആയുഷിൽ നിന്നും ഡയറക്ടറോട് വകുപ്പുതല റിപ്പോർട്ട് ആവശ്യപ്പെട്ട വിവരവും ജനറൽ സെക്രട്ടറി റിപ്പോർട്ട് ചെയ്തു. സാങ്കേതിക പ്രശ്നം ചൂണ്ടിക്കാട്ടി എല്ലാ വർഷവും DRBക്കാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിൻറെ അപേക്ഷകൾക്ക് നിയന്ത്രണ ഏർപ്പെടുത്തുന്ന നടപടികൾക്ക് എതിരെ കാലാകാലങ്ങളിൽ നിയമനടപടികൾ സ്വീകരിക്കുക എന്ന നടപടിയല്ല വേണ്ടത് മറിച്ച് ആയതിനുള്ള ശാശ്വത പരിഹാരമാണ് ആവശ്യമെന്നും യോഗം വിലയിരുത്തി. ആയതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ വകുപ്പ് മുൻപാകെ സമർപ്പിക്കാൻ സംസ്ഥാന സമിതി തീരുമാനിച്ചു.

(i) പൊതുസ്ഥലംമാറ്റ കാലത്ത് തന്നെ അഞ്ചു വർഷം പൂർത്തിയാക്കിയ DRB വിഭാഗം ഫാർമസിസ്റ്റുമാരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനും പ്രത്യേകം വിജ്ഞാപനം ഇറക്കണം.

(ii) നിലവിൽ സംസ്ഥാനതലത്തിൽ മാത്രം പാലിച്ച്ചുവരുന്ന 2:1 അനുപാതം ജില്ലതലത്തിൽ നടപ്പിലാക്കണം. എന്നാൽ സ്ഥാപനങ്ങളിൽ Post Identification നടത്താൻ പാടില്ല.

(iii) ഇനി മുതൽ നടക്കാനിരിക്കുന്ന ഗ്രേഡ് പ്രമോഷൻ ഇതര വകുപ്പുകളിൽ നടപ്പിലാക്കുന്ന പോലെ Promotion with Transfer എന്ന വ്യവസ്ഥയിലാക്കണം. അതായത് ഒരു Gr.I ഫാർമസിസ്റ്റ് വിരമിച്ചാൽ പ്രസ്തുത ഒഴിവിലേക്ക് ഏറ്റവും സീനിയറായ Gr.II ഫാർമസിസ്റ്റിനെ പ്രമോഷൻ നൽകി നിയമിക്കുക. അങ്ങനെ ഒഴിവു വരുന്ന Gr.II ഒഴിവ് അതേത് ജില്ലയിൽ ആണെങ്കിൽ Entry Post ആയി

കണക്കാക്കി PSC ക്ക് റിപ്പോർട്ട് ചെയ്യുകയോ നിശ്ചിത അനുപാത പ്രകാരം (10%) അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വെക്കുകയോ ചെയ്യുക.

2. കോമ്പൻസേഷൻ അവധി സംബന്ധിച്ച പുറത്തിറങ്ങിയ സർക്കാർ ഉത്തരവിലെ അവ്യക്തത പരിഹരിക്കാനായി ആയുഷ് വകുപ്പിലേക്കും ഹോമിയോപ്പതി ഡയറക്ടർക്കും കത്ത് സമർപ്പിക്കാൻ തീരുമാനിച്ചു. അവ്യക്തമായ ഉത്തരവിൽ സ്പഷ്ടീകരണം വരുന്നത് വരെ നിലവിലുള്ള വകുപ്പുതല സർക്കുലർ പാലിക്കുന്നതായിരിക്കും ഉചിതം എന്നും യോഗം വിലയിരുത്തി.

3. അഞ്ചാമത് സംസ്ഥാന കൺവെൻഷൻ 2024 നവംബർ ഒന്നാമത്തെയോ രണ്ടാമത്തെയോ ആഴ്ച്ചയിൽ നടത്താൻ നിശ്ചയിച്ചു. അതിന് മുൻപായി 2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ജില്ലാ കൺവെൻഷനുകൾ പൂർത്തീകരിക്കാൻ തീരുമാനിച്ചു. സംസ്ഥാന കൺവെൻഷൻ, ജില്ലാ കൺവെൻഷൻ എന്നിവയുടെ തീയതിക്രമങ്ങൾ നിശ്ചയിക്കാനുള്ള ചുമതല സംസ്ഥാന വൈസ് പ്രസിഡൻ്റുമാർക്ക് നൽകാൻ തീരുമാനിച്ചു. അഞ്ചാമത് സംസ്ഥാന കൺവെൻഷന് വേദിയായി ഇടുക്കി, പത്തനംതിട്ട ജില്ലകളെ പരിഗണിക്കുന്നു.

4. വയനാട് ജില്ലയിലെ ദുരന്തം ബാധിത പ്രദേശങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി അംഗങ്ങളിൽ നിന്നും 100 രൂപയിൽ കുറയാത്ത തുക സമാഹരിച്ച് CMDRF ലേക്ക് നൽകാൻ തീരുമാനിച്ചു. ഇതൊരു നിർബന്ധിത പിരിവാവരുതെന്നും നിർദ്ദേശിച്ചു. ഫണ്ട് ശേഖരണത്തിന് അവസാന തീയതിയായി 2024 ആഗസ്റ്റ് 5 നിശ്ചയിച്ചു.

5. 2024 ലെ അംഗത്വ വിതരണം വിജയകരമായി പൂർത്തിയാക്കി സംസ്ഥാന വിഹിതം കൃത്യമായി കൈമാറിയ കണ്ണൂർ, വയനാട്, എറണാകുളം, ആലപ്പുഴ ജില്ല കമ്മറ്റികളെ അഭിനന്ദിച്ചു. തുക ഭാഗികമായി മാത്രം അയച്ച്ചുതന്ന ബാക്കി ജില്ലാ കമ്മറ്റികൾ 2024 ആഗസ്ത് 10 ന് മുൻപായി മുഴുവൻ ഫണ്ടും ട്രാൻസ്ഫർ ചെയ്യാൻ നിർദ്ദേശിച്ചു.

6. സംഘടനയുടെ മുഖപത്രമായ സിഗ്നേച്ചറയുടെ വാർഷിക ഫണ്ട് (3 ലക്കങ്ങളുടേത് ) 150 രൂപയായി നിശ്ചയിക്കുകയും ആയത് 2024 ആഗസ്റ്റ് 31 ന് മുൻപായി പിരിച്ചെടുക്കാനും തീരുമാനിച്ചു.

7. പുതിയ പാർലമെന്റ് അംഗങ്ങൾ ചുമതലയേറ്റ സാഹചര്യത്തിൽ സംസ്ഥാന ഫാർമസി കൗൺസിൽ സംബന്ധിച്ച നടപടികൾ ആരംഭിക്കാനും എല്ലാ MP മാർക്കും കത്ത് നൽകാനും തീരുമാനിച്ചു. മേൽ വിഷയത്തെ സംബന്ധിച്ച് വ്യക്തമായ ധാരണയുള്ള കൊല്ലം എം.പി ശ്രീ.എൻ.കെ പ്രേമചന്ദ്രൻ അവർകളെ നേരിൽ സന്ദർശിച്ച് വിഷയം ചർച്ച ചെയ്യാനും തീരുമാനിച്ചു.

8. ലോക ഫാർമസിസ്റ്റ് ദിനം സെപ്റ്റംബർ 25 ന് ആഘോഷിക്കാൻ തീരുമാനിച്ചു. അതിൻ്റെ ഭാഗമായി സ്ഥാപനങ്ങളിൽ പതിക്കാനുള്ള പോസ്റ്റർ

സംസ്ഥാന സമിതി തയ്യാറാക്കി നൽകുന്നതാണ്. വിവിധ ജില്ലകളിൽ നടക്കുന്ന പരിപാടിയുടെ ഏകോപന ചുമതല ജോയിന്റ് സെക്രട്ടറി ശ്രീ.കെ. പ്രവീണിന് ആയിരിക്കും.

9. കെ.ജി.എച്ച്.പി.ഒ വെബ്സൈറ്റിൻ്റെ നവീകരണം പൂർത്തിയാക്കി 2024 ആഗസ്റ്റ് 15 ന് Relaunch ചെയ്യുന്നതാണെന്ന് ഐ.ടി സെൽ കൺവീനർ റിപ്പോർട്ട് ചെയ്തു.

10. ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ ധാരാളം പിഴവുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ എല്ലാ ഫാർമസിസ്റ്റുമാരും പ്രതിവർഷം ഡി.എം.ഒ ഓഫീസിൽ നിന്നും അവരുടെ സേവനം പുസ്തകം പരിശോധിച്ച് പിഴവുകൾ ഇല്ലായെന്നും ഉറപ്പുവരുത്താൻ നിർദ്ദേശം നൽകി ആയതിന് വേണ്ട സൗകര്യങ്ങൾ ഡി.എം.ഒ യുമായി ബന്ധപ്പെട്ട് ഡി.എം.ഒ ഓഫീസിൽ ഒരുക്കാൻ ജില്ലാ കമ്മറ്റികളോട് നിർദ്ദേശിച്ചു.

ജോയിന്റ് സെക്രട്ടറി ശ്രീ.കെ പ്രവീൺ നന്ദി പറഞ്ഞു. യോഗ നടപടികൾ വൈകീട്ട് 6.10ന് അവസാനിച്ചു.

**(സംസ്ഥാന സമിതി യോഗത്തിന്റെ മിനുട്സ് 10 ദിവസത്തിനകം ജില്ലകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ് )**